DESPATCHED
On..10/06/2020

17/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

**ഹർജി നമ്പർ AP.2320(2)/2015/എസ്.ഐ.സി**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**(ഫയൽ നം.16874/എസ്.ഐ.സി-ജി 6/15**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.എ.സുദർശനൻ
ആശാ നിവാസ്
റ്റി.സി. 66/2240
കോളിയൂർ മുട്ടയ്ക്കാട് പി.ഒ
തിരുവനന്തപുരം–695523 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസ്
   എക്സൈസ് ഡിവിഷൻ ഓഫീസ്
   തിരുവനന്തപുരം –23
2. അപ്പീൽ അധികാരി
   എക്സൈസ് ഡിവിഷൻ ഓഫീസ്
   തിരുവനന്തപുരം –23

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21.11.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.12.2014 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 12.01.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 20.02.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 30.10.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 30.10.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17.11.2015, 11.11.2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 27.11.2015, 22.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.11.2019, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 21.11.2014-ാം തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ പ്രസ്താവിച്ചത് 1996 ലെ അന്നത്തെ സർക്കാർ, നിയമം മൂലം ചാരായം നിരോധിച്ചപ്പോൾ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളിയാണെന്നും, 1994-95, 1995-96 എന്നീ വർഷങ്ങളിൽ തിരുവനന്തപുരം റേഞ്ചിലെ ഒന്നാം ഗ്രൂപ്പ് ചാരായം ലേലം കൊണ്ടിരുന്നത് ശ്രീ.വിജയനും അദ്ദേഹത്തിന്റെ സഹോദരൻ ബി.വിനോദ് എന്നിവരാണെന്നും 1994-95 ലും, 1995-96 ലും തൊഴിലാളികളുടെ ക്ഷേമവിഹിതം അടയ്ക്കാതെയും കിസ്ത് തുക അടയ്ക്കാതെയും ഇവർ സോൾവൻസി വാങ്ങിക്കൊണ്ട് പോയി എന്നും, ബാദ്ധ്യതകൾ തീർക്കാതെ സോൾവൻസികൾ തിരികെ കൊടുക്കാൻ പാടില്ലെന്നിരിക്കെ ടി സോൾവൻസികൾ മടക്കിക്കൊടുത്തത് ഏത് കാലഘട്ടത്തിലാണെന്നും ഏത് AEC യുടെ കാലത്താണെന്നും ഉള്ള വിവരം രേഖാമൂലം നൽകണമെന്നുമാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 23.12.2014 ൽ മറുപടി നൽകുകയും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ 12.01.2015 ന് അപ്പീൽ നൽകുകയും 20.02.2015 ന് അപ്പീലിന് മറുപടി നൽകുകയും ചെയ്തു.

4. 26.11.2015 ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടവയ്ക്കായി രേഖകൾ പരിശോധിച്ചതിൽ ടി ഷോപ്പുകൾ ലേലം കൊണ്ട വ്യക്തികളായ ശ്രീ.വിജയൻ, ശ്രീ.വിനോദ് എന്നിവർ സോൾവൻസി കൈപ്പറ്റിയതായി കാണുന്നില്ലെന്നും ആയതിനാൽ ടി കാലയളവിലെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ആരാണെന്നുള്ള ചോദ്യത്തിന് പ്രസക്തിയില്ലായെന്നും കാണിച്ച് 23.12.2014 ന് മറുപടി നൽകിയെന്നും തുടർന്ന് ഹർജിക്കാരൻ 12.01.2015 ൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ടായിരുന്നുവെന്നും, ടിയാൻ ആവശ്യപ്പെട്ട സോൾവൻസി സർട്ടിഫിക്കറ്റിന്റെ പകർപ്പ് മൂന്നാം കക്ഷിയുമായി ബന്ധമുള്ളതിനാലും രഹസ്യസ്വഭാവമുള്ളതിനാലും, ടി സോൾവൻസി സർട്ടിഫിക്കറ്റുകൾ ഹർജിക്കാരന് നൽകുന്നതിൽ എന്തെ

ങ്കിലും എതിർപ്പുണ്ടെങ്കിൽ രേഖാമൂലം അറിയിക്കുവാൻ ശ്രീ.വിജയൻ, ശ്രീ.വിനോദ് എന്നിവരോട് ആവശ്യപ്പെടുകയും ടിയാന്മാർ എതിർപ്പ് അറിയിച്ചതിനെത്തുടർന്ന് സോൾവൻസി സർട്ടിഫിക്കറ്റ് നൽകാൻ നിർവ്വാഹമില്ലെന്ന് ഹർജിക്കാരനെ അറിയിച്ചുവെന്നും, ഹർജിക്കാരൻ വിവരാവകാശ അപേക്ഷ അയച്ച സമയത്തും അപ്പീലിന്റെ സമയത്തും സോൾവൻസി വെച്ചിരിക്കുന്ന വസ്തുക്കളുടെ സർവ്വേ നമ്പർ ആവശ്യപ്പെട്ടിട്ടില്ലെന്നും അത് തരാൻ കഴിയില്ലെന്ന് മറുപടി നൽകിയെന്നു പറയുന്നത് വാസ്തവവിരുദ്ധമാണെന്നും, രേഖകളുടെ പകർപ്പ് ഹാജരാക്കുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷികളെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങളിൽ ലഭ്യമായവ എല്ലാം അപ്പീൽ സമർപ്പിച്ച സമയത്ത് നൽകിയതായി കാണുന്നതിനാൽ ടി പരാതിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res